കണ്ണൂർ ജില്ലാപഞ്ചായത്ത്

ഡയറ്റ് കണ്ണൂർ

എസ് എസ് എൽ സി മുകുളം മാതൃകാ പരീക്ഷ ഫെബ്രുവരി 2021

A

സമയം: 1 1/2 മണിക്കൂർ | **കേരളപാഠാവലി** | ആകെ സ്കോർ: 40

പൊതു നിർദ്ദേശങ്ങൾ:

- ആദ്യ 20 മിനിറ്റ് സമാശ്വാസ സമയമാണ്.ഈസമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഇഷ്ടമുള്ള ചോദ്യങ്ങൾ തിരഞ്ഞെടുക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കേണ്ടതാണ്.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സമയം, സ്കോർ എന്നിവ പരിഗണിക്കണം.
- 1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 40 സ്കോർ ആയിരിക്കും.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങൾക്ക്  ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർവീതം)**

1. 'മോഹൈകഹന്ത്രിയായുള്ളതു വിദ്യ കേൾ'.-

   വിദ്യയുടെ എന്ത് പ്രത്യേകതയാണിവിടെ തെളിയുന്നത്?
   - വിദ്യ മോഹത്തിനൊപ്പം നിലകൊള്ളുന്നു.
   - വിദ്യ മോഹമുണ്ടാക്കുന്നതാണ്.
   - വിദ്യ മോഹത്തെ നശിപ്പിക്കുന്നതാണ്.
   - വിദ്യ മോഹത്തിൽനിന്നുണ്ടാവുന്നു.

2. ഋതുയോഗം എന്ന പദത്തിന്റെ വിഗ്രഹാർത്ഥം ഏത്?
   - ഋതുവും യോഗവും
   - ഋതുവിന്റെ യോഗം
   - ഋതുവായ യോഗം
   - ഋതുക്കളുടെ യോഗം

3. 'അപ്പോൾ ഒന്നാമത്, ആ വെള്ളിസ്സാമാനം നമ്മുടെയായിരുന്നുവോ!'- മെത്രാന്റെ ഈ ചോദ്യത്തിൽ നിന്ന് സൂചിതമാകുന്നത്?
   - വെള്ളിസ്സാമാനങ്ങൾ മെത്രാന്റെ ഉടമസ്ഥതയിലുള്ളതാണ്.
   - വെള്ളിസ്സാമാനങ്ങൾ മറ്റാരുടെയോ പക്കൽനിന്നു കടംവാങ്ങിയതാണ്.
   - വെള്ളിസ്സാമാനങ്ങൾ സൂക്ഷിച്ചു വയ്ക്കേണ്ടവയാണ്.
   - വെള്ളിസ്സാമാനങ്ങൾ  പാവങ്ങൾക്കുകൂടി അവകാശപ്പെട്ടതാണ്.

4. 'കൊടുത്തതുമാത്രമേ നേടാനൊക്കൂ അല്ലേ സുധീർ? ഞാൻ ആർക്കും ഒന്നും കൊടുത്തിട്ടില്ലല്ലോ.' ആ സംഭാഷണത്തിലൂടെ മിസ്സിസ് തലത്ത് പറയാൻ ശ്രമിക്കുന്നത്?.
   - കൊടുത്താൽമാത്രം തിരിച്ചുകിട്ടുന്നവയാണ് സുഖവും സമ്പത്തും .
   - കൊടുത്താൽമാത്രം തിരിച്ചുകിട്ടുന്നവയാണ്  സ്നേഹവും കരുതലും.
   - കൊടുത്താൽമാത്രം തിരിച്ചുകിട്ടുന്നവയാണ്  പദവിയും അധികാരവും.
   - കൊടുത്താൽമാത്രം തിരിച്ചുകിട്ടുന്നവയാണ്  ആഢംബരവും പ്രൗഢിയും

5. 'പ്രാണനോടുമൊരുനാൾ ഭവൽപദം  
   കാണ്മവാൻ ചിരമഹോ കൊതിച്ച ഞാൻ  
   കേണുവാണിവിടെ,യേകമർത്ഥിയാം  
   പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ.'

   -ഇവിടെ അർത്ഥി എന്ന പദം കൊണ്ടുദ്ദേശിക്കുന്നതാരെയാണ്?
   - ഭക്തനെ
   - നളിനിയെ
   - ദിവാകരനെ
   - തോഴിയെ

6. 'അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനുചുറ്റും പിരിഞ്ഞുമുറുകി'- ഈ വാക്യത്തിലൂടെ സൂചിതമാകുന്നത്?

- പ്രതീക്ഷ
- പരിഭവം
- സംഘർഷം
- പരിഹാസം

**7 മുതൽ 11വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോമൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2സ്കോർവീതം)**

7. 'ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളതു നിങ്ങൾ മറക്കരുതേ, ഒരിക്കലും മറന്നുപോകരുത്.'- മെത്രാന്റെ ഈ വാക്കുകൾ ജീവിതത്തെക്കുറിച്ച് ഴാങ്ങിനു നൽകുന്ന ഏതെങ്കിലും രണ്ടു സന്ദേശങ്ങൾ എഴുതുക.

8. 'കൊടുത്തതു മാത്രമേ നേടാനൊക്കൂ, അല്ലേ സുധീർ? ഞാൻ ആർക്കും ഒന്നും കൊടുത്തിട്ടില്ലല്ലോ.
-മിസ്സിസ് തലത്തിനുണ്ടായ എന്തെല്ലാം തിരിച്ചറിവുകളാണ് ആ വാക്യത്തിലൂടെ വ്യക്തമാകുന്നത്?

9. 'പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ <u>ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി</u> ചവിട്ടടിപ്പാത നീണ്ടു പോകുന്നു.'
അടിവരയിട്ട പ്രയോഗം നൽകുന്ന സവിശേഷാർത്ഥമെന്ത്?

10. 'ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ.'
-'മൊഴി കുഴങ്ങി നിന്നവൾ' എന്ന പ്രയോഗത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

11. 'ആ നിമിഷം ചുമരിലെ ഘടികാരത്തിൽ നിന്നു <u>തുള്ളിതുള്ളി</u>യായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു. (ഉരുളക്കിഴങ്ങു തിന്നുന്നവർ)
-വീടിനകത്തു നിറഞ്ഞുനില്ക്കുന്ന മൗനത്തിന്റെ തീവ്രത ഈ വാക്യങ്ങളിൽ പ്രതിഫലിക്കുന്നുണ്ടോ? നിങ്ങളുടെ നിരീക്ഷണങ്ങളെഴുതുക

**12മുതൽ 21 വരെയുള്ള ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം)**

12. <u>കാലാഹി</u>നാ പരിഗ്രസ്തമാം ലോകവും
ആലോലചേതസാ ഭോഗങ്ങൾ തേടുന്നു.
അടിവരയിട്ട പ്രയോഗത്തിന്റെ ഭംഗി വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

13. 'ഈ പ്രസ്താവം കാനൽജലം പോലെ ഒടുവിൽ വിഷാദത്തിനു ഇടയാകാതിരുന്നാൽ കൊള്ളാമായിരുന്നു.;
(മലയാളശാകുന്തളം-ഏ ആർ)
ഈ സംഭാഷണത്തിൽ നിന്നു സൂചിതമാകുന്ന ദുഷ്യന്തന്റെ മനോവിചാരങ്ങൾ വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

14. 'ഉവർത്തിനകത്ത് കെട്ടഴിക്കാതെ കിടന്ന പാഥേയം പുളിച്ചു.'
'കൈപ്പടങ്ങളിൽ എന്തോ നനഞ്ഞു കുതിരുന്നു. കോടച്ചി കെട്ടിത്തന്ന പൊതിച്ചോറാണ്'.
(കടൽത്തീരത്ത്)
കഥയിലുടനീളം നൊമ്പരപ്പെടുത്തുന്ന സാന്നിധ്യമായി പൊതിച്ചോറു നിറഞ്ഞു നിൽക്കുന്നു. പ്രസ്താവന വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

15. 'അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ'. (നളിനി)
കുമാരനാശാൻ മുന്നോട്ടുവയ്ക്കുന്ന ഈ കാഴ്ചപ്പാടിന്റെ കാലികപ്രസക്തി വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

16. 'ഭാരതസ്ത്രീകൾ എത്ര ഭാഗ്യമുള്ളവരായിരുന്നു.'
'നോക്കൂ നമുക്ക് അഞ്ചാമതൊരു കുട്ടി കൂടിയുണ്ടായിരിക്കുന്നു. ഒരു മകൻ. പക്ഷേ,ഒരു വ്യത്യാസമുണ്ട്. ഇവൻ കുറച്ചുനാൾ നമ്മോടുകൂടി താമസിക്കും.'
കഥയിലെ ഇതരസന്ദർഭങ്ങൾ കൂടി പരിഗണിച്ച് മിസ്റ്റർ തലത്ത് എന്ന കഥാപാത്രത്തിന്റെ സ്വഭാവം വിശദമാക്കുന്ന കുറിപ്പു തയ്യാറാക്കുക.

17. 'ഇതു വൈഷമ്യക്കാരനാണ്'

'എനിക്കതിനെ വിശ്വാസമില്ല.  ഇത് ആര്യപുത്രൻ തന്നെ ധരിച്ചാൽമതി.'

-കാളിദാസന്റെ അഭിജ്ഞാനശാകുന്തളം നാടകത്തിൽ മുദ്രമോതിരത്തിന് പ്രധാനസ്ഥാനമാണുള്ളത്. ഋതുയോഗം എന്ന പാഠഭാഗത്തെ സന്ദർഭങ്ങൾ പരിഗണിച്ചുകൊണ്ട് കുറിപ്പ് തയ്യാറാക്കുക.

18. 'സ്നേഹിതാ, -മെത്രാൻ പറഞ്ഞു തുടങ്ങി:"നിങ്ങൾ പോകുന്നതിനു മുമ്പ്, ഇതാ നിങ്ങളുടെ മെഴുതിരിക്കാലുകൾ; എടുക്കാം."

മെത്രാൻ,ഴാങ് വാൽ ഴാങിനു നൽകിയത് സത്യസന്ധതയുടെയും മനുഷ്യസ്നേഹത്തിന്റെയും മെഴുതിരിക്കാലുകളാണ്.

നിരീക്ഷണം വിലയിരുത്തി പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

19. 'ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ'

-ഈ വരികളിൽ തെളിയുന്ന കവിയുടെ ജീവിതവീക്ഷണം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

20. 'ദുഷ്കരമായിട്ടൊന്നുമില്ല കേൾ
മത്സഹായമുണ്ടായാലേവനും.
നളനും നീയും ഭേദമെന്തിവിടെ?
നാടുവാഴ്ക നളനെ വെന്നു സമ്പ്രതി.'

കലിയുടെ ഈ വാക്കുകൾ 'പ്രലോഭനം'എന്ന ശീർഷകത്തെ സാധൂകരിക്കുന്നുണ്ടോ?വരികൾ വിലയിരുത്തി നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

21. 'ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞുപോകുന്നതായി ജൂലിയാന അറിഞ്ഞു.' (ഉരുളക്കിഴങ്ങു തിന്നുന്നവർ)

- ജൂലിയാന എന്ന കഥാപാത്രത്തിന്റെ ആത്മസംഘർഷങ്ങളുമായി ബന്ധപ്പെട്ട എന്തെല്ലാം സൂചനകളാണ് ഇവിടെ വ്യക്തമാകുന്നത്? വിശദമാക്കുക

## 22 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6സ്കോർവീതം)

22. 'വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം'

-കുപിതനായ ലക്ഷ്മണനെ ശാന്തചിത്തനാക്കാൻ ഈ ഉപദേശങ്ങൾ എത്രമാത്രം ഉപകരിക്കും? കാവ്യഭാഗം വിശകലനം ചെയ്ത് നിങ്ങളുടെ നിരീക്ഷണങ്ങൾ സമർത്ഥിക്കുക.

23. 'മാഡം തലത്ത് മരിച്ചുപോയി മോനേ.ഡോക്ടർ തലത്തിനൊപ്പം അവരും പോയി.ഇത് അമ്മയാണ്,താഴത്തു കുഞ്ഞിക്കുട്ടിയമ്മ."

സ്വന്തം ജീവിതത്തെക്കുറിച്ച് മാഡം തലത്ത് നടത്തുന്ന ഈ നിരീക്ഷണത്തോടുള്ള നിങ്ങളുടെ പ്രതികരണം തയ്യാറാക്കുക.

24. 'മെത്രാൻ ആ സമയത്ത് കുനിഞ്ഞു നിന്ന് കൊട്ട തടത്തിൽ വീണതുകൊണ്ട് കേടുവന്ന ഒരു പൂച്ചെടിയെ സൂക്ഷിച്ചുനോക്കി വ്യസനിക്കുകയായിരുന്നു.'

'മദാം മഗ്ലോർ,ഞാൻ ആ വെള്ളിസ്സാമാനം വളരെക്കാലം സൂക്ഷിച്ചു പോന്നത് ഒരിക്കലും ശരിയായിട്ടല്ല.'

പാഠഭാഗത്തെ ഇതര സന്ദർഭങ്ങൾ കൂടി വിശകലനം ചെയ്ത് 'മെത്രാന്റെ ജീവിതം സമൂഹത്തിനു നല്കുന്ന സ്വാധീനം' എന്ന വിഷയത്തിൽ ലഘൂപന്യാസം തയ്യാറാക്കുക.

25. 'തനിക്കുള്ള അനർഘമായ രത്നം പൊയ്പ്പോയാലും എതിരാളിക്കു മൂലോച്ഛേദം വരുത്തിയേ നില്ക്കൂ എന്ന വാശിയായി വേരുറയ്ക്കുന്ന ആ പക,പക എന്നുപറയുന്ന മനുഷ്യശാപമുണ്ടല്ലോ,അതിന്റെ പ്രതിനിധിയല്ലാതെ മറ്റൊന്നുമല്ല ഈ ചെകുത്താൻ.' (യുദ്ധത്തിന്റെ പരിണാമം)

പാഠഭാഗത്തുനിന്നുള്ള ഇതര സന്ദർഭം കൂടി പരിഗണിച്ച് അശ്വത്ഥാമാവിന്റെ സ്വഭാവസവിശേഷതകൾ വിലയിരുത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക.